# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2065

11-02-2020 - ൽ മറുപടിയ്ക്ക്

## പുതിയ ഫയർസ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | എ) സംസ്ഥാനത്ത് പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കേണ്ട സ്ഥലങ്ങളുടെ ഒരു മുൻഗണനാ പട്ടിക വകുപ്പ് മേധാവി തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചു വരികയാണ്. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| ബി) പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള മുൻഗണന പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഈ പട്ടിക തയ്യാറാക്കുന്നതിന് ഏത് മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | ബി) വകുപ്പ് മേധാവി ഒരു മുൻഗണനാ പട്ടിക തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് താഴെ പറയുന്ന ഘടകങ്ങൾ പരിഗണിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്.<br>• പ്രദേശത്തെ ജനസാന്ദ്രത<br>• റെസ്പോൺസ് ടൈം (ഗ്രാമപ്രദേശങ്ങളിൽ 20 മിനിറ്റും പട്ടണ പ്രദേശങ്ങളിൽ 5 മിനിറ്റും)<br>• പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ<br>• പ്രദേശത്തെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ/സ്റ്റേഡിയങ്ങൾ/ സമ്മേളന നഗരികൾ<br>• പ്രദേശത്തിന്റെ അഗ്നി സുരക്ഷയെ ബാധിക്കുവാൻ സാധ്യതയുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം, ജലലഭ്യത മുതലായവ<br>• സമീപ സ്റ്റേഷനുകളിലേക്കുള്ള ദൂരം, അറ്റന്റ് ചെയ്ത കോളുകളുടെ വിവരം |

സെക്ഷൻ ഓഫീസർ